**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1786**

**14.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

# പുതുവൈപ്പിലെ എൽ.പി.ജി ടെർമിനൽ സമരം

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**

**മറുപടി**

**പിണറായി വിജയൻ (മുഖ്യമന്ത്രി)**

(എ) പുതുവൈപ്പിൽ എൽ.പി.ജി ടെർമിനൽ നിർമ്മാണ പ്രവർത്തനത്തിനെതിരെ പ്രതിഷേധിച്ച സമരസമിതി പ്രവർത്തകരെ ലാത്തിച്ചാർജ്ജ് ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ അന്തിമ വിധി വരുന്നതുവരെ ടെർമിനൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാമെന്നും പദ്ധതി പ്രദേശത്ത് നിന്നും പോലീസിനെ പിൻവലിക്കാമെന്നും ഫിഷറീസ് മന്ത്രിയുമായി നടന്ന ചർച്ചയിൽ ധാരണയായിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ധാരണക്ക് വിരുദ്ധമായി 18-06-2017 ൽ പദ്ധതി പ്രദേശത്തേക്ക് തൊഴിലാളികളെ എത്തിച്ച് ടെർമിനൽ നിർമ്മാണ ജോലികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) യും (സി) യും ഇല്ല. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണലിൽ നിലവിലുള്ള കേസ്സുമായി ഇപ്പോൾ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളെ ബന്ധിപ്പിക്കേണ്ടതില്ലെന്നും ഈ പദ്ധതി ഇപ്പോൾ നിർമ്മാണ പ്രവർത്തനം നടന്നു വരുന്ന സ്ഥലത്ത് നിന്നും മാറ്റാൻ കഴിയുകയില്ലെന്നും സമരസമിതി പ്രവർത്തകരെ അറിയിച്ചിരുന്നു. കൂടാതെ സമരക്കാരുടെ ആവശ്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടു വരാമെന്നും അതുവരെ ഇക്കാര്യത്തിൽ സാവകാശം നൽകണമെന്നും അവരോട് അഭ്യർത്ഥിച്ചിരുന്നു. വ്യവസായ മന്ത്രി 07.04.2017 തീയതി മേൽ പ്രശ്നം ചർച്ച ചെയ്യുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർത്തിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി 11.05.2017 തീയതി ബഹു.മുഖ്യമന്ത്രി സമരസമിതി അംഗങ്ങളുമായി ചർച്ച നടത്തിയിട്ടുള്ളതാണ്. 27.05.2017 തീയതി ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർത്തിട്ടുള്ളതാണ്. തുടർന്ന് 04.06.2017 തീയതി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശിക നേതാക്കളുടെ യോഗവും, 17.06.2017 തീയതി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജില്ലാതല നേതാക്കളുടെ യോഗവും വിളിച്ച് ചേർത്തിട്ടുള്ളതാണ്. ബഹു. ഹൈക്കോടതി

| | | |
|---|---|---|
| | | യുടെയും ബഹു.ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെയും ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി 14.06.2017 മുതൽ കമ്പനിയുടെ ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകുവാൻ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ലാത്തിച്ചാർജ്ജിന് കാരണക്കാരനായ സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണറെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ കത്ത് നൽകിയിരുന്നോ. എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) കത്ത് ലഭിച്ചിട്ടില്ല. |

Deepa

**സെക്ഷൻ ഓഫീസർ**